പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *373 — 17.12.2014 ൽ മറുപടിക്ക്.

## നഴ്സുമാരുടെ വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം :<br>ശ്രീ. കെ. സുരേഷ് കുറുപ്പ് :<br>ശ്രീമതി പി. അയിഷാ പോറ്റി :<br>ശ്രീ. സാജു പോൾ : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) മെച്ചപ്പെട്ട വേതനം ആവശ്യപ്പെട്ടുള്ള സമരം നടത്തിയതിനെത്തുടർന്ന് പുരുഷ നേഴ്സുമാർക്ക് നിയമനം നൽകാത്തതിനാലും വനിതാ നഴ്സുമാർക്ക് സ്വകാര്യ മേഖലയിൽ ന്യായമായ വേതനം ലഭിക്കാത്തതുകൊണ്ടും നേഴ്സിംഗ് പഠനത്തിന് വായ്പയെടുത്ത അരലക്ഷത്തിലധികം കുടുംബങ്ങൾ കടക്കെണിയിലായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. നഴ്സുമാർക്ക് മിനിമം വേതനം ഉറപ്പുവരുത്താൻ വകുപ്പ് തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ബലരാമൻ കമ്മീഷൻ റിപ്പോർട്ടിനെ തുടർന്ന് സർക്കാർ നിയമിച്ച വ്യവസായ ബന്ധസമിതി സ്വകാര്യ മേഖലയിൽ നേഴ്സുമാരുടെ ശമ്പളം നിശ്ചയിക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; | (ബി) സ്വകാര്യ ആശുപത്രികളിലെ നേഴ്സുമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച് വ്യവസായ ബന്ധസമിതി നിരന്തരം ചർച്ചകൾ നടത്തിയെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ മിനിമം വേതനം പരിഷ്കരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ. 135/13/ |

തൊഴിൽ തീയതി 05.11.2013 പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

(സി) സർക്കാർ നിശ്ചയിച്ച മിനിമം വേതനം എൺപതു ശതമാനം സ്വകാര്യ ആശുപത്രികളിലും നേഴ്സുമാർക്ക് നൽകുന്നില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിൽ വ്യാപകമായ പരിശോധനയ്ക്ക് തൊഴിൽ വകുപ്പ് തയ്യാറാകുമോ?

(സി) സ്വകാര്യ ആശുപത്രികളിൽ നേഴ്സുമാർക്ക് മിനിമം വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെയും ജില്ലാ ലേബർ ഓഫീസർമാരുടേയും നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സ്ക്വാഡ് പരിശോധനകൾ നടത്തി, നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. 2014 ജനുവരി മാസം മുതൽ ഇതുവരെ സംസ്ഥാന വ്യാപകമായി സ്വകാര്യ ആശുപത്രികളിൽ നടത്തിയ പരിശോധനകളെ തുടർന്ന് മിനിമം വേതനം നടപ്പിലാക്കാത്ത 29 സ്വകാര്യ ആശുപത്രികൾക്കെതിരെ മിനിമം വേജസ് ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്.

സെക്ഷൻ ആഫീസർ.